**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1456** **03-02-2026 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ഥിരം നിയമനം, താൽക്കാലിക നിയമനം എന്നിങ്ങനെ സർക്കാർ പ്രീ പ്രൈമറി ജീവനക്കാരായി ആകെ എത്രപേരാണ് നിലവിലുള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | സ്ഥിര നിയമനം, താല്കാലിക നിയമനം എന്നിങ്ങനെ സർക്കാർ പ്രീ-പ്രൈമറി ജീവനക്കാരായി ആകെ 118 പേർ<br><br>പ്രീ-പ്രൈമറി അദ്ധ്യാപകർ സ്ഥിരം നിയമനം - 63<br><br>പ്രീ-പ്രൈമറി അദ്ധ്യാപകർ താൽക്കാലിക നിയമനം -6<br><br>പ്രീ-പ്രൈമറി ആയ സ്ഥിരം നിയമനം - 47<br><br>പ്രീ-പ്രൈമറി ആയ താൽകാലിക നിയമനം - 2<br><br>അതോടൊപ്പം സർക്കാർ വിദ്യാലയങ്ങളിൽ പി.ടി.എ യുടെ അംഗീകാരത്തോട് കൂടി പ്രവർത്തിക്കുന്ന അംഗീകൃത പ്രൈമറിയിൽ ഓണറേറിയം അടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന 2834 അദ്ധ്യാപകരും, 1940 ആയമാരും സംസ്ഥാനത്തുണ്ട്. |
| (ബി) | ഓരോ തസ്തികയുടെയും വേതന നിരക്ക് എത്ര വീതമാണെന്ന് സ്ഥിരം, താൽക്കാലികം എന്നിങ്ങനെ തരംതിരിച്ച് അറിയിക്കുമോ; | (ബി) | സ്ഥിരം നിയമനം<br><br>പ്രീ-പ്രൈമറി അദ്ധ്യാപകർ - 35600-75400<br><br>ആയ - 23000-50200<br><br>താൽക്കാലിക നിയമനം<br><br>പ്രീ-പ്രൈമറി അദ്ധ്യാപകർ - 1010 (per day)<br><br>ആയ - 710 (per day)<br><br>സർക്കാർ വിദ്യാലയങ്ങളിൽ പി.ടി.എ യുടെ അംഗീകാരത്തോട്ടു കൂടി പ്രവർത്തിക്കുന്ന അംഗീകൃത പ്രൈമറിയിൽ പി.ടി.എ നിയമിച്ച 10 വർഷത്തിന് മുകളിൽ സേവന കാലയളവുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും, ആയമാർക്കും പ്രതിമാസം യഥാക്രമം 13500/-, 8500/- രൂപ നിരക്കിലും, 10 വർഷത്തിന് താഴെ സേവന കാലയളവുള്ള പ്രീ- |

| | | | |
|---|---|---|---|
| | | | പ്രൈമറി അദ്ധ്യാപകർക്കും, ആയമാർക്കും പ്രതിമാസം യഥാക്രമം 13000/- രൂപ, 8000/- രൂപ നിരക്കിലും സർക്കാർ ഓണറേറിയം അനുവദിച്ചു വരുന്നു. |
| (സി) | പ്രീ പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും വേതനം മുൻകാല പ്രാബല്യത്തിൽ വർദ്ധിപ്പിക്കണമെന്ന് സർക്കാരിന് ഹൈക്കോടതി സിംഗിൾ ബെഞ്ച് നിർദ്ദേശം നൽകുകയുണ്ടായോ; എങ്കിൽ എത്ര രൂപ വീതം വർദ്ധിപ്പിക്കണമെന്നാണ് സിംഗിൾ ബെഞ്ച് നിർദേശിച്ചത്; വിശദമാക്കാമോ; | (സി) | ഉണ്ടായി. പ്രീ പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും 2025 മാർച്ച് മുതൽ പ്രാബല്യത്തിൽ ഓണറേറിയം യഥാക്രമം 27500/- രൂപയായും 22,500/- രൂപയായും വർദ്ധിപ്പിക്കണമെന്നും (2025 ഏപ്രിൽ മുതൽ വിതരണം ചെയ്യണം) 01/08/2012 മുതലുള്ള പുതുക്കിയ നിരക്കിലെ അരീയർ 6 മാസത്തിനകം വിതരണം ചെയ്യണമെന്നുമാണ് ഉത്തരവായിട്ടുള്ളത്. |
| (ഡി) | പ്രീ പ്രൈമറി ജീവനക്കാരുടെ വേതന വർദ്ധനവിനെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായോ; എന്തൊക്കെ വാദഗതികളാണ് സർക്കാർ അപ്പീലിൽ ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | ഉണ്ടായി. 27,500/- രൂപയും 22,500/-രൂപയും വീതം മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ച ഓണറേറിയം നൽകണമെന്ന നിർദ്ദേശം സംസ്ഥാനത്തിന് വലിയ സാമ്പത്തിക ഭാരം സൃഷ്ടിക്കുന്നതാണ് എന്ന കാരണം ചൂണ്ടിക്കാട്ടിയാണ് പ്രസ്തുത അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്. |
| (ഇ) | കുട്ടികളുടെ ചെറുപ്പകാലത്തെ വിദ്യാഭ്യാസത്തിന് അടിത്തറയിടുകയും കുഞ്ഞുങ്ങൾക്ക് ശാരീരിക വൈകാരിക മാനങ്ങളുമുള്ള സേവനങ്ങൾ നൽകുകയും ചെയ്യുന്ന പ്രീ പ്രൈമറി അധ്യാപകർക്ക് അർഹമായ വേതന വർദ്ധനവ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | പി.റ്റി.എ യുടെ നിയന്ത്രണത്തിലുള്ളതും സർക്കാർ ഓണറേറിയം ലഭ്യമാക്കുന്നതുമായ അംഗീകൃത പ്രീ-പ്രൈമറിയിലെ ജീവനക്കാർക്ക് 2025 നവംബർ മുതൽ 1000/- രൂപ വീതം ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 2026-27 ലെ ബഡ്ജറ്റിൽ 1000/- രൂപ വീണ്ടും ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ